Clause 1.

The question that clause 1 stands part of the Bill was put and carried.

Clause 1 was added to the Bill.

Preamble and Title

The question that the preamble and the title stand part of the Bill was put and carried.

The Preamble and the Title were added to the Bill.

SHRI A. J. JOHN: I move that the Holdings (Stay of Execution Proceedings) Amendment Bill, 1956 be finally passed.

SHRI A. A. RAHIM: I second it.

The question that the Holdings (Stay of Execution Proceedings) Amendment Bill, 1956 be finally passed was put and carried.

The Bill was passed.

The Travancore-Cochin Payment of Salaries and Allowances (Amendment) Bill, 1956.

Chief Minister (SHRI PANAMPILLI GOVINDA MENON): Sir, I beg to introduce the Travancore-Cochin Payment of Salaries and Allowances (Amendment) Bill, 1956.

Minister for Health (SHRI A. A. RAHIM): I second it.

MR. DEPUTY SPEAKER: The Bill stands introduced.

SHRI PANAMPILLI GOVINDA MENON: I move that the Bill be taken up for consideration.

SHRI A. A. RAHIM: I second it.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ഈ ബില്ലിൽ പ്രധാനമായി ഉദ്ദേശിക്കുന്നതു താഴെ പറയുന്ന കാര്യങ്ങളാണ്. ഇപ്പോൾ മന്ത്രിമാരും ബഹുമാനപ്പെട്ട സ്പീക്കറും ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറും നമ്മുടെ സംസ്ഥാനത്തിന്റെ അതിർത്തിയിൽനിന്നും പുറത്തു സഞ്ചരിക്കുന്ന സന്ദർഭങ്ങളിൽ, ചിലപ്പോൾ മറ്റു ചില സംസ്ഥാനങ്ങളിൽ അവരെ സ്റ്റേറ്റ് ഗസ്റ്റുകളായി സ്വീകരിക്കുന്ന പതിവുണ്ട്. മദ്രാസ്, മൈസൂർ പഞ്ചാബ് മുതലായ സ്ഥലങ്ങളിലും, ഡെൽഹിയിലും ചിലയവസരങ്ങളിൽ ഇൻഡ്യാഗവണ്മെൻറിന്റെ ഗസ്റ്റായിട്ടും, ചിലപ്പോൾ മറ്റു സ്റ്റേറ്റുകളിൽ അതാതു സ്റ്റേറ്റുഗസ്റ്റായിട്ടും, താമസിക്കുന്ന പതിവുണ്ട്. നിലവിലിരിക്കുന്ന നിയമപ്രകാരം, മറ്റു ഗവണ്മെൻറുകളുടെ ഗസ്റ്റായിട്ടുകഴിയുമ്പോൾ അവർക്കു ഡയിലി അലവൻസു വാങ്ങാനുള്ള അവകാശമുണ്ട്. വേറെ ഒരു സ്റ്റേറിന്റെ ഗസ്റ്റായിട്ടു കഴിഞ്ഞുകൂടുന്ന അവസരത്തിൽ അങ്ങനെ ഡയിലി അലവൻസു വാങ്ങുന്ന നയം ശരിയല്ലെന്നാണ് ഈ ഗവണ്മെൻറ് വിചാരിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ ഡെയലി അലവൻസു വാങ്ങുന്നതിനെ നിയന്ത്രിക്കുകയാണു് ഈ ബില്ലിലെ ഒരു വകുപ്പുകൊണ്ടുദ്ദേശിക്കുന്നതു്. മറ്റു സംസ്ഥാനഗവണ്മെൻറുകളുടെ അതിഥികളായി താമസിക്കുമ്പോൾ ഡെയിലി അലവൻസിൻെറ പകുതിമാത്രമേ വാങ്ങാൻ പാടുള്ളുവെന്നാണു് ഇതിൽ വ്യവസ്ഥചെയ്തിരിക്കുന്നതു്. ഈ വകുപ്പിൻെറ പരിഗണനയിൽ ഡെപ്യൂട്ടി സ്പീക്കറെ ഉൾപ്പെടുത്തിയിട്ടില്ല. മന്ത്രിമാരെയും ബഹുമാനപ്പെട്ട സ്പീക്കറെയും മാത്രമെ ഈ വകുപ്പു ബാധിക്കുകയുള്ളൂ.

വേറെ ഒരു വകുപ്പുകൊണ്ടുദ്ദേശിക്കുന്നതു്, റയിൽവെയിലെ ഒന്നാം ക്ലാസു നിരക്കുലാക്കിയതുകൊണ്ടു് ഉണ്ടായിട്ടുള്ള വൈഷമ്യം പരിഹരിക്കുകയാണു്. ബില്ലിൽ പറയുന്നതു മന്ത്രിമാരും സ്പീക്കറും പുറമെ സഞ്ചരിക്കുന്ന സന്ദർഭത്തിൽ ഒന്നര ഫസ്റ്റുക്ലാസു റയിൽവെ ഫെയർ കിട്ടുമെന്നാണു്. ഇപ്പോൾ ഫസ്റ്റുക്ലാസു നിരക്കുലാക്കിയതുകൊണ്ടു് ട്രാവലിംഗ് അലവൻസിൽ വലിയ മാറ്റം വരുന്നുണ്ടു്, ഡെപ്യൂട്ടി സ്പീക്കറെ സംബന്ധിച്ചിടത്തോളം അതുവരെകാലത്തെ ഫസ്റ്റുക്ലാസു ആഫീസറന്മാരുടെ ടി. എ. ലഭിക്കുന്നുണ്ടു്. അങ്ങനെ വരുമ്പോൾ സ്പീക്കർക്കു്, ഡെപ്യൂട്ടി സ്പീക്കർക്കു കിട്ടുന്നതിനെക്കാൾ കുറഞ്ഞ ഒരു തുകയാണു ഇപ്പോയിനത്തിൽ ലഭിക്കുന്നതു്. യുക്തമല്ലാത്ത ഒരു അവസ്ഥ ഇതുമൂലം വന്നുചേരുന്നു. അതുപോലെ മന്ത്രിമാർക്കും, ഇവിടത്തെ ഗവണ്മെൻറു സെക്രട്ടറിമാർക്കു കിട്ടുന്നതിനെക്കാൾ തുലോം കുറഞ്ഞ ഒരു തുകയായിരിക്കും ഇപ്പോയിനത്തിൽ ലഭിക്കുക. ഈ കുഴപ്പം പരിഹരിക്കുന്നതിനായി, ഒന്നര ഫസ്റ്റുക്ലാസു ഫെയർ എന്നുള്ളതിനുപകരം, ഇതു നിശ്ചയിച്ച അവസരത്തിൽ ഏകദേശം മൈലിനു എത്ര അണ വരുമെന്നു് കണക്കാക്കിയിരുന്നുവോ, അതായതു് നിയമസഭയിൽ ഈ ബിൽ പാസാക്കിയ അവസരത്തിൽ എന്തുദ്ദേശമാണോ ഉണ്ടായിരുന്നതു് അതനുസരിച്ചു ഇതു ഭേദഗതിചെയ്യേണ്ടതാണു്. ഒന്നര ഫസ്റ്റുക്ലാസു ഫെയർ എന്നുള്ളതിൻെറ സ്ഥാനത്തു്, ഇന്നു ഇൻഡ്യയിൽ മുഴുവനും ഉയർന്ന ഉദ്യോഗസ്ഥന്മാർക്കും ഡെപ്യൂട്ടി സ്പീക്കർക്കും നിലവിലിരിക്കുന്ന റേറനുസരിച്ചു ലഭിക്കത്തക്കവിധത്തിൽ വ്യത്യാസം വരുത്തണമെന്നു വിചാരിക്കുന്നു. അതായതു മൈലിനു രണ്ടണ എന്നു തീരുമാനിച്ചിരിക്കുകയാണു്. 1954-55 സാമ്പത്തികവർഷത്തിലാണു റയിൽവെ ഫസ്റ്റുക്ലാസു നിരക്കുൽചെയ്തതു്. അതിനുശേഷം നിലവിലിരുന്ന റേറനുസരിച്ചു ടി. എ. വാങ്ങിയിട്ടുള്ളതു, കംപ്ട്രോളരാഫീസിൽ അബ്ജക്റ്റു ചെയ്യാതിരിക്കാനും, 1.4.1955 മുതൽ വാങ്ങിയിട്ടുള്ളതു് വാലിഡ് ആക്കാനും ഉള്ള ഒരു ക്ലാസുകൂടി ഇതിൽ കൊടുത്തിച്ചിട്ടുണ്ടു്.

മന്ത്രിമാരും, സ്പീക്കറും അവർക്കു നൽകിയിട്ടുള്ള ഔദ്യോഗിക വസതികളിൽ, അവർ ഔദ്യോഗികനിലകളിൽ നിന്നു വിരമിച്ചതിനുശേഷവും കുറേനാൾകൂടി താമസിക്കുന്നതിനുള്ള സൗകര്യം കൊടുക്കുന്ന ഒരു കണ്ടിൻജൻഷൻ ഇവിടെയുണ്ടു്. അതിനു ലീവ്സൽ വാലിഡിറ്റി കൊടുക്കുന്നതിനും ഈ ബില്ലിൽ ഉദ്ദേശിക്കുന്നുണ്ടു്.

ശ്രീ. പി. കുഞ്ഞൻ നാടാർ : ഇപ്പോൾ മന്ത്രിമാരും മറ്റും സ്റ്റേറ്റു ഗസ്റ്റുകളായി വെളിയിൽ താമസിക്കുമ്പോൾ ഡെയിലി അലവൻസു വാങ്ങുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പള്ളി ഗോവിന്ദമേനോൻ : ചിലർ വാങ്ങും, ചിലർ വാങ്ങുകയില്ല, അങ്ങനെ വാങ്ങുന്നതിൽ വിരോധമില്ല.

ശ്രീ. പ്രാക്കുളം ഭാസി : രാജിവച്ചതിനശേഷം എത്ര ദിവസം താമസസൗകര്യം നൽകണമെന്നാണ് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : 15 ദിവസം.

ശ്രീ. പ്രാക്കുളം ഭാസി : അതിൽ കൂടുതൽ വേണമെന്നാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നിർബ്ബന്ധമില്ല, വേണമെങ്കിൽ ആകാം.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : ഈ ബിൽ പാസാക്കുന്നതു കൊണ്ടു വാങ്ങിയിട്ടുള്ളത തിരിച്ചുകൊടുക്കേണ്ടതായി വരുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ വരികയില്ല. ഇതു പാസ്സാക്കണമെന്നു ബഹുമാനപ്പെട്ട സഭയോടു് അഭ്യർത്ഥിക്കുന്നു.

The question that the Bill be taken up for consideration, was put and carried.

Clauses 2–5.

The question that Clauses 2 to 5 stand part of the Bill was put and carried.

Clauses 2 to 5 were added to the Bill.

Clause 1.

The question that Clause 1 stands part of the Bill was put and carried.

Clause 1 was added to the Bill.

Preamble and Title

The question that the preamble and the title stand part of the Bill was put and carried.

The preamble and the title were added to the Bill.

SHRI PANAMPILLI GOVINDA MENON : Sir, I move that the Travancore-Cochin Payment of Salaries and Allowances (Amendment) Bill, 1956 be finally passed.

SHRI A. J. JOHN : I second it.

The question that the Travancore-Cochin Payment of Salaries and Allowances (Amendment) Bill be finally passed was put and carried.

The Bill was passed.

LIBRARY ARCHIVES Kerala Legislative Assembly